ഫോറൻസിക് എക്സ്പേർട്ടിന്റെ സേവനം

34 (34) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് പന്നിയങ്കര പോലീസ് സ്റ്റേഷനിലെ ക്രൈം നം.63/99 കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) കേസന്വേഷണത്തിൽ ഫോറൻസിക് ലാബറട്ടറിയിലെ എക്സ്പേർട്ടിന്റെ സേവനം ആവശ്യപ്പെട്ടിരുന്നോ ;

(സി) എങ്കിൽ എക്സ്പേർട്ടിന്റെ സേവനം നൽകിയിരുന്നോ ?

ഉത്തരം

(എ-സി) പന്നിയങ്കര പോലീസ് സ്റ്റേഷൻ കുറ്റ നമ്പർ 63/99 യു/എസ് 406 ആർ/ഡബ്ല്യൂ 34 ഐ.പി.സി. കേസിലുൾപ്പെട്ട വാഹനത്തിന്റെ എഞ്ചിൻ നമ്പറുംചെയ്സിസ് നമ്പറും മാറ്റിയിട്ടുണ്ടോ എന്നു പരിശോധിക്കാനായി ഫോറൻസിക് ലാബ് എക്സ്പേർട്ടിന്റെ സേവനം ആവശ്യപ്പെട്ടിരുന്നു. കണ്ണൂരിലെ സയന്റിഫിക് അസിസ്റ്റന്റ് 3-5-2000-ന് വാഹനം പരിശോധിക്കുകയുണ്ടായി. പരിശോധന റിപ്പോർട്ടിനായി കാത്തിരിക്കുകയാണ്.

" സ്പിരിറ്റ്" ലോറിയുടെ ടയർ മാറ്റിയ സംഭവം

35 (35) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം സി.ഐ.ആയിരുന്ന ഗോപിനാഥൻ കനകക്കുന്ന് എസ്.ഐ. കോൺസ്റ്റബിൾ അലി അക്ബർ എന്നിവരുടെ പേരിൽ എന്തെങ്കിലും വകുപ്പുതല അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇവരെ സ്ഥലംമാറ്റിയിട്ടുള്ളത് പ്രാഥമിക അച്ചടക്കനടപടികളുടെ ഭാഗമാണോ ;

(ഡി) എവിടെയാണ് ഇവരെ സ്ഥലം മാറ്റിയിട്ടുള്ളത് ;

(ഇ) കായംകുളം സ്പിരിറ്റ് ലോറിയുടെ ടയർ അഴിച്ചുമാറ്റിയ പ്രശ്നത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) സർവ്വശ്രീ. പി.കെ.ഗോപിനാഥൻ, സി.ഐ.നസീർ, എസ്.ഐ. അലി അക്ബർ പി.സി.എ.4317 എന്നിവർക്കെതിരെ ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം, അഴിമതി എന്നിവയ്ക്ക് ദക്ഷിണ മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറൽ അച്ചടക്കനടപടി സ്വീകരിച്ചു വരികയാണ്.

(സി) പ്രാഥമിക അച്ചടക്കനടപടികളുടെ ഭാഗമായാണ് ഇവരെ സ്ഥലം മാറ്റിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കിൾ ഇൻസ്പെക്ടർ ശ്രീ. പി. കെ. ഗോപിനാഥനെ എസ്. ബി. സി. ഐ. ഡി. ചെങ്ങന്നൂരിലേയ്ക്കും എസ്. ഐ. ശ്രീ. നസീറിനെ എറണാകുളം റൂറലിലേയ്ക്കും പി. സി. എ. 4317 ശ്രീ. അലി അക്ബറിനെ ഇടുക്കിയിലേയ്ക്കുമാണ് സ്ഥലം മാറ്റിയിട്ടുള്ളത്.

(ഇ) ഇക്കാര്യത്തിൽ കായംകുളം പോലീസ് സ്റ്റേഷനിൽ ഐ.പി.സി.379,409,34 എന്നീ വകുപ്പുകൾ പ്രകാരം 210/2000 നമ്പരിൽ ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. പ്രതികൾ മൂന്നുപേർ കോടതിയിൽ നിന്ന് ജാമ്യം എടുത്തിട്ടുള്ളതാണ്.

വാഹനാപകടങ്ങൾ

36 (36) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് 1999 ജനുവരി മുതൽ 2000 മേയ് 31 വരെ എത്ര വാഹന അപകടങ്ങൾ ഉണ്ടായി ;

(ബി) ഇതിൽ എത്രപേർ മരണപ്പെട്ടു ; ഇതിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(സി) ഈ നൂറ്റാണ്ടിൽ എത്ര വാഹന അപകടങ്ങൾ ഉണ്ടായി ; അതിൽ എത്രപേർ മരണപ്പെട്ടു ;

(ഡി) വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾ ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 43333 വാഹന അപകടങ്ങൾ ഉണ്ടായി.

(ബി) മരണപ്പെട്ടവർ 3272. ഇതിനോടനുബന്ധിച്ച് 2984 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ നൂറ്റാണ്ടിൽ (1-1-2000 മുതൽ 31-3-2000 വരെ) 9356 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 698 പേർ മരണപ്പെട്ടു.

(ഡി) സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് ഫലപ്രദമായും കുറ്റമറ്റതുമായ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടികളെ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ സർക്കാർതലത്തിൽ പോലീസ്, പി.ഡബ്ല്യൂ.ഡി., ട്രാൻസ്പോർട്ട്, ഫോറസ്റ്റ് എന്നീ വകുപ്പുകളെ ഏകോപ്പിച്ചു കൊണ്ട് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശപ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത കമ്മിറ്റി കൂടി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും ആ

LIBRARY ARCHIVES Kerala Legislative Assembly